ലളിതമാക്കാൻ മാതൃകാ ചോദ്യപേപ്പറും

2010
എസ്എസ്എൽസി മലയാളം പേപ്പർ-1

കെ വി മോഹനൻ
ജിജിഎച്ച്എസ്എസ്
മഞ്ചേരി

മലയാളം പേപ്പർ ഒന്നിന് 40 സ്കോറാണുള്ളത്. ഒന്നരമണിക്കൂർ (90 മിനിറ്റ്) സമയമാണ് അനുവദിച്ചിട്ടുള്ളത്. ഇതോടൊപ്പം സമാശ്വാസസമയമായി (കൂൾ ഓഫ് ടൈം) 15 മിനിറ്റും ലഭിക്കും. സമാശ്വാസസമയത്ത് ചോദ്യങ്ങൾ വ്യക്തമായി വായിച്ച് വിശകലനംചെയ്യണം. ഉത്തരമെഴുതാനുള്ള മുൻഗണനാക്രമം നിശ്ചയിക്കണം.

(കഴിഞ്ഞലക്കം തുടർച്ച)

മൂല്യനിർണയ സൂചകങ്ങൾ

നൽകിയിട്ടുള്ള സന്ദർഭത്തിന്റെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്.
അനുയോജ്യമായ മറ്റു സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
സന്ദർഭങ്ങൾ വിശകലനംചെയ്ത് നിലപാടുകൾ രൂപീകരിച്ചിട്ടുണ്ട്.
നിലപാടുകൾ അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.
ഇനി താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതൂ.

''മാധ്യമത്തിന്റെ മാസ്മരസിദ്ധികൾ അനുവദിച്ചുകൊടുക്കുന്ന അനുകൂല്യങ്ങൾ മറ്റുള്ള മേഖകളെ മറച്ചിട്ടുപോലും മുമ്പിൽ കയറിനിന്ന് ഏറ്റുവാങ്ങാനുള്ള വിചിത്രസൗഭാഗ്യം ചലച്ചിത്രനടന് കേവലസിദ്ധമായിരിക്കുന്നു. വെളിച്ചപ്പാട് വിധാതാവായി വരിക്കപ്പെടുന്ന വിശേഷ വിപര്യയം''
- അടൂർ ഗോപാലകൃഷ്ണൻ

ചലച്ചിത്രരംഗത്തെ ഇന്നത്തെ സാഹചര്യങ്ങൾ അടൂരിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശകലനംചെയ്യുക.

	മികച്ചത്	ശരാശരി	ഇനിയും സഹായംവേണം
അടൂരിന്റെ പ്രസ്താവനയുടെ ആശയം കണ്ടെത്താൻ കഴിഞ്ഞു			
മലയാള സിനിമാരംഗത്തെ നിലവിലുള്ള അവസ്ഥകൾ കണ്ടെത്താൻ കഴിഞ്ഞു			
അടൂരിന്റെ പ്രസ്താവനയുമായി ബന്ധപ്പെടുത്തി മലയാള സിനിമാരംഗം വിശകലനംചെയ്യാൻ കഴിഞ്ഞു			
സ്വന്തം നിലപാടുകൾ ശക്തമായ ഭാഷയിൽ എഴുതാൻ കഴിഞ്ഞു.			

7. ലഘുലേഖനം തയ്യാറാക്കൽ

6 സ്കോർ നൽകുന്ന ചോദ്യമാണിത്. പാഠഭാഗങ്ങളിലെയോ പൊതുവായതോ ആയ സന്ദർഭങ്ങൾ, ആശയങ്ങൾ മുതലായവ വിശകലനംചെയ്ത് അതിലടങ്ങിയിരിക്കുന്ന ആശയം കൂടുതൽ വിപുലമായി (ആഴത്തിൽ) രേഖപ്പെടുത്തുകയാണ് ഇവിടെ ചെയ്യേണ്ടത്.

വിവിധ സാധ്യതകൾ

* ഒരു സന്ദർഭം/സംഭവം ഇവ നൽകി അതിന്റെ അടിസ്ഥാനത്തിൽ വിശകലനവും ലേഖനം തയ്യാറാക്കലും.
* കവിതാശകലങ്ങൾ നൽകി കവിയുടെ കാഴ്ചപ്പാട് വിശദമാക്കൽ (ജീവിതദർശനം, തത്ത്വചിന്ത, ഭക്തി, ആനുകാലികസംഭവങ്ങൾ...)

മൂല്യനിർണയ സൂചകങ്ങൾ

* സന്ദർഭത്തിന്റെ/കാവ്യശകലത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
* കൂടുതൽ പ്രത്യേകതകൾ കണ്ടെത്തി വിശകലനംചെയ്തിട്ടുണ്ട് (ഉദാഹരണസഹിതം)
* വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം രൂപപ്പെടുത്തിയിട്ടുണ്ട്.
* കണ്ടെത്തിയ ധാരണകൾ ലേഖനരൂപത്തിൽ എഴുതി പ്രകടിപ്പിച്ചിട്ടുണ്ട്.

(ആമുഖം, വിഷയം- ക്രമാനുഗതമായ വളർച്ച, ഉപസംഹാരം...)
മൂല്യനിർണയസൂചകങ്ങൾ ചർച്ചചെയ്തല്ലോ. ഇനി താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതൂ.

ലഘുലേഖനം തയ്യാറാക്കുക

''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ''

''മാറ്റുവിൻ ചട്ടങ്ങളെ സ്വയ, മതല്ലെങ്കിൽ
മാറ്റുമതികളീ നിങ്ങളെത്താൻ''

''സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം''

- കുമാരനാശാൻ

തന്നിരിക്കുന്ന വരികളിലെ ആശയവും അനുയോജ്യമായ കൂടുതൽ ഉദാരണങ്ങളും പരിഗണിച്ച് 'കുമാരനാശാന്റെ സമകാലികപ്രസക്തി' എന്ന വിഷയവുമായി ബന്ധപ്പെട്ട് ലഘുലേഖനം തയ്യാറാക്കുക.

സ്വയംവിലയിരുത്തൽ സൂചകങ്ങൾ

	മികച്ചത്	ശരാശരി	ഇനിയും സഹായംവേണം
തന്നിരിക്കുന്ന കവിതാശകലങ്ങളുടെ ആശയം എഴുതാൻ കഴിഞ്ഞു			
അനുയോജ്യമായ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞു			
ആശയങ്ങൾ വിശകലനംചെയ്ത് അതിലടങ്ങിയിരിക്കുന്ന സമകാലികത കണ്ടെത്താൻ കഴിഞ്ഞു			
സ്വന്തം അഭിപ്രായം ലേഖനത്തിന്റെ ഘടന പാലിച്ച് എഴുതിയിട്ടുണ്ട്. (ആമുഖം, വിഷയം, ഉപസംഹാരം)			
അനുയോജ്യമായ ഭാഷയിൽ എഴുതാൻ കഴിഞ്ഞു.			

8. ഔചിത്യം പരിശോധിക്കുക

4 സ്കോർ നൽകുന്ന ചോദ്യമാണിത്. തലക്കെട്ട്, പ്രയോഗങ്ങൾ ഇവയുടെ ഔചിത്യം പരിശോധിക്കാനാണ് സാധാരണയായി ആവശ്യപ്പെടാറുള്ളത്.

വിവിധ മാതൃകകൾ

* കഥ, കവിത തുടങ്ങിയവയ്ക്കു നൽകിയ തലക്കെട്ടിന്റെ ഔചിത്യം പരിശോധിക്കുക.
* പുതിയ തലക്കെട്ടുകൾ നൽകിയശേഷം നൽകിയതിന്റെ ഔചിത്യം വിശദമാക്കുക.
* പദങ്ങൾ/പ്രയോഗങ്ങൾ ഇവയുടെ ഔചിത്യം പരിശോധിക്കുക.

മൂല്യനിർണയ സൂചകങ്ങൾ

-സൂചിപ്പിച്ച കഥ/കവിത ഇവയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.
-തലക്കെട്ടിന്റെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്.
-തലക്കെട്ടും കഥ/കവിത ഇവയുടെ ആശയവുമായുള്ള ബന്ധവും കണ്ടെത്തിയിട്ടുണ്ട്.
-കണ്ടെത്തിയവ മികച്ച ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

കുമാരനാശാന്റെ 'നളിനി'യിൽനിന്നു തെരഞ്ഞെടുത്ത ഭാഗത്തിന് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള പേര് 'ഓർമയുടെ മാധുര്യം' എന്നാണ്. ഈ ഭാഗത്തിന് അനുയോജ്യമായ മറ്റൊരു പേരു നിർദേശിക്കാമോ? പേരു നിർദേശിച്ചതിന്റെ ഔചിത്യവും വ്യക്തമാക്കണം.

	മികച്ചത്	ശരാശരി	ഇനിയും മെച്ചപ്പെടണം
'ഓർമയുടെ മാധുര്യം' കാവ്യഭാഗത്തിന്റെ ആശയം ചുരുക്കിയെഴുതിയിട്ടുണ്ട്			
അനുയോജ്യമായ മറ്റൊരു തലക്കെട്ടു നൽകുകയും തലക്കെട്ടിന്റെ പ്രത്യേകതകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.			
തലക്കെട്ടും കവിതാഭാഗത്തിന്റെ ആശയവുമായി ബന്ധപ്പെടുത്തി എഴുതിയിട്ടുണ്ട്.			
നല്ല ഭാഷയിൽ എഴുതിയിട്ടുണ്ട്			

9. ജീവചരിത്രക്കുറിപ്പ്

പ്രഗത്ഭരായ സാഹിത്യകാരന്മാർ, വ്യക്തികൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ചില സൂചനകൾ നൽകും. സൂചനകളും ആവശ്യമായ മറ്റു വിവരങ്ങളും പ്രയോജനപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കണം. എഴുതുമ്പോൾ ജീവചരിത്രക്കുറിപ്പിന്റേതായ ഭാഷ സ്വീകരിക്കണം. സൂചനകൾ മുഴുവൻ വികസിപ്പിക്കണം.

ഉദാ: സുഗതകുമാരി
ജനനം: 1934
സ്ഥലം: തിരുവനന്തപുരം
പ്രധാന കൃതികൾ: മുത്തുച്ചിപ്പി, രാത്രിമഴ, അമ്പലമണി, രാധയെവിടെ, ദേവദാസി.
പ്രധാന പുരസ്കാരങ്ങൾ: കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം.
മറ്റു കാര്യങ്ങൾ: പ്രകൃതിസംരക്ഷണരംഗത്തും സാമൂഹികപരിഷ്കരണരംഗത്തും സജീവമായി പ്രവർത്തിക്കുന്നു

സ്വയം മൂല്യനിർണയ സൂചകങ്ങൾ

	മികച്ചത്	ശരാശരി	ഇനിയും മെച്ചപ്പെടണം
തന്നിരിക്കുന്ന സൂചനകൾ വിശദമായി എഴുതിയിട്ടുണ്ട്			
അനുയോജ്യമായ കൂടുതൽ സൂചനകൾ ഉപയോഗിച്ചിട്ടുണ്ട്			
നല്ല ഭാഷയിൽ ആവിഷ്കരിക്കാൻ കഴിഞ്ഞു			

10. പുനരാവിഷ്കരിക്കുക

ഇംഗ്ലീഷിൽ നൽകുന്ന നിശ്ചിതഭാഗം വായിച്ച് അതിലെ ആശയം മറ്റൊരു രൂപത്തിൽ ആവിഷ്കരിക്കാൻ നിദേശിക്കുന്ന ചോദ്യമാണിത്. ആശയത്തിന്റെ നേരിട്ടുള്ള വിവർത്തനമല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

ഉദാ: KERALA FACT FILE

Location - India
Area - 38,863 SqKM
Population - 29011237 (census '91)
Captial - Thiruvananthapuram
Language - Malayalam
Geography: Kerala is located on the south western top of India with the Arabian Sea on the West and the Western Ghats towering 500-2700 m on the east. The state is divided into three regions - the costal lowlands, the fertile middle lands and the high lands. The low lands of kerala are networked by endless backwaters, and the deltas of fortyfour rivers. The midlands are rich with cashew, coconut, arecanut, tapioca, banana, rice, ginger, pepper, sugarcane and vegetable plantations. The forested highlands abound in tea, coffee, rubber and spice plantations and wildlife reserves.
MAIN BEACH DESTINATIONS: Kovalam, Sanghummukham, Thangassery, Chenai, Vallikkunnu, Kappad, Muzhuppilangad, Ezhimala.
HILL STATIONS: Ponmudi, Munnar, Mattuppetty, Nelliyampathy, Pookkot Lake, Pythalmala, Ezhimala, Ranipuram.
Classical Arts: Kathakali, Mohiniyattom, Thullal.
Folk Arts: Theyyam , Thira.
Martial Arts: Kalarippayattu.

തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ടൂറിസം വാരാചരണത്തിന്റെ ഭാഗമായി അവതരിപ്പിക്കാൻ 'കേരളത്തിന്റെ ടൂറിസം സാധ്യതകൾ' വ്യക്തമാക്കുന്ന ഒരു പ്രഭാഷണം തയ്യാറാക്കുക.

സ്വയം മൂല്യനിർണയ സൂചകങ്ങൾ

	മികച്ചത്	ശരാശരി	ഇനിയും സഹായം വേണം
ഇംഗ്ലീഷിൽ നൽകിയതിന്റെ ആശയം കണ്ടെത്താൻ കഴിഞ്ഞു			
ലഭിച്ച ആശയം പ്രഭാഷണമാക്കി മാറ്റാൻ കഴിഞ്ഞു			
പ്രഭാഷണത്തിന്റെ ഘടന പാലിക്കാൻ കഴിഞ്ഞു			
അനുയോജ്യമായ ഭാഷ ഉപയോഗിക്കാൻ കഴിഞ്ഞു			

11. പട്ടിക ക്രമീകരിക്കൽ

4 സ്കോർ ലഭിക്കാവുന്ന ചോദ്യമാണിത്. ചോദ്യം ശരിയായി വായിച്ചു മനസ്സിലാക്കണം. സാഹിത്യകാരന്മാരെക്കുറിച്ച് പാഠപുസ്തകത്തിന്റെ അവസാനത്തിൽ നൽകിയിട്ടുള്ള കുറിപ്പുകൾ ഈ ചോദ്യത്തിന് ഉത്തരമെഴുതാൻ സഹായകമാകും. അവ ശ്രദ്ധയോടെ വായിക്കുക.

വിവിധ ചോദ്യമാതൃകകൾ

1. രചയിതാക്കൾ-കൃതി-പ്രത്യേകതകൾ
2. കവി-കൃതി-കാലഘട്ടം
3. രചയിതാവ്-നോവൽ-കഥാപാത്രങ്ങൾ
4. വരികൾ-കൃതി-സാഹിത്യപ്രസ്ഥാനം
5. രചയിതാവ്-കൃതി-സാഹിത്യപ്രസ്ഥാനം
6. കവി-കൃതി-വരികൾ.

ഇത്തരത്തിലുള്ള ചോദ്യങ്ങൾ സ്വയം രൂപീകരിച്ചുനോക്കൂ
താഴെ തന്നിരിക്കുന്ന പട്ടിക ക്രമീകരിക്കുക. അനുയോജ്യമായവ വിട്ട ഭാഗങ്ങളിൽ കൂട്ടിച്ചേർക്കുകയുംവേണം.

രചയിതാവ്	കൃതി	സാഹിത്യപ്രസ്ഥാനം
ഇടശ്ശേരി	അമ്പലമണി	നോവൽ
പി വത്സല		കവിത
തിക്കോടിയൻ	നെല്ല്	
-	അരങ്ങുകാണാത്ത നടൻ	നാടകം

12. വ്യാകരണം

വ്യാകരണവുമായി ബന്ധപ്പെട്ട് 2 സ്കോറിനുള്ള ചോദ്യമാണ് മിക്കവാറും ചോദിക്കാറുള്ളത്. 9, 10 ക്ലാസുകളിലെ പാഠപുസ്കതങ്ങളിൽ യൂണിറ്റുകളോടൊപ്പം നൽകിയിട്ടുള്ള വ്യാകരണഭാഗങ്ങൾ ശ്രദ്ധയോടെ വായിച്ചാൽ ഈ ചോദ്യത്തിന് ശരിയായി ഉത്തരമെഴുതാൻ കഴിയും.

ചോദ്യമാതൃകകൾ:

* വാക്യങ്ങളുടെ അർഥവ്യത്യാസം കുറിക്കുക
* തന്നിരിക്കുന്ന വാക്യം വിശകലനംചെയ്ത് പട്ടിക പൂർത്തിയാക്കുക
* തന്നിരിക്കുന്ന വാക്യം വിശലകനംചെയ്ത് നിർദേശമനുസരിച്ച് വേർതിരിച്ചെഴുതുക. (നാമം, ക്രിയ, വിശേഷണം...)
* വാക്യങ്ങളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തി അർഥപൂർണമാക്കുക

വാക്യം മെച്ചപ്പെടുത്തി എഴുതുക.

* നദിയുടെ തീരത്തെ മരത്തിന്റെ കൊമ്പിലിരുന്ന് കാട്ടിലെ പക്ഷി മധുരമായ സ്വരത്തിൽ പാടി

-ഈ ചോദ്യത്തിന് ഉത്തരമെഴുതിയപ്പോൾ നേരിട്ട പ്രയാസമെന്താണ്?
-അധ്യാപകരുമായി ചർച്ചചെയ്യൂ.

13. നാടകീകരണം

6 സ്കോറാണ് ഈ ചോദ്യത്തിനു നൽകുന്നത്.
ഏതെങ്കിലും ഒരു സന്ദർഭമാണ് നാടകീകരണത്തിനു നൽകുന്നത്.
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
-സന്ദർഭവുമായി ബന്ധപ്പെട്ട് രംഗം, കഥാപാത്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തണം.

രംഗം - എവിടെ
-മറ്റു പ്രത്യേകതകൾ
-സജ്ജീകരണം

കഥാപാത്രങ്ങൾ - പ്രായം
-വേഷം
-മറ്റു പ്രത്യേകതകൾ

അനുയോജ്യമായ സംഭാഷണശകലങ്ങൾ ചേർക്കണം.
താഴെ തന്നിരിക്കുന്ന സന്ദർഭം നാടകീകരിക്കുക.
കലിദ്വാപരന്മാരും ഇന്ദ്രാദിദേവകളും കണ്ടുമുട്ടുന്ന സന്ദർഭം.

	മികച്ചത്	ശരാശരി	ഇനിയും സഹായം വേണം
രംഗത്തിന്റെ പ്രത്യേകതകൾ കൃത്യമായി സൂചിപ്പിക്കാൻ കഴിഞ്ഞു.			
കഥാപാത്രങ്ങളുടെ പ്രത്യേകതകൾ (പേരു, വയസ്സ്, ചലനരീതി...) ഇവ രേഖപ്പെടുത്താൻ കഴിഞ്ഞു.			
സന്ദർഭത്തിന്റെയും കഥാപാത്രത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് സംഭാഷണം എഴുതാൻ കഴിഞ്ഞു.			
നല്ല ഭാഷയിൽ തുടർച്ച വരുംവിധം തയ്യാറാക്കാൻ കഴിഞ്ഞു.			

14. തിരക്കഥ

പല സന്ദർഭങ്ങളിലും ചോദ്യപേപ്പറിൽ തിരക്കഥയെഴുതാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ വന്നിട്ടുണ്ട്. കഥയിലെ/കവിതയിലെ നിശ്ചിത സന്ദർഭം നൽകി തിരക്കഥാരചനയ്ക്ക് നിർദേശിക്കുകയാണു പതിവ്.

തിരക്കഥയെഴുതുമ്പോൾ ശ്രദ്ധിക്കേണ്ടത്.

സംഭവം നടക്കുന്ന സ്ഥലം
സമയം (രാവിലെ, ഉച്ച, വൈകുന്നേരം, രാത്രി....)
ദൃശ്യത്തിന്റെ പ്രത്യേകതകൾ
കഥാപാത്രങ്ങൾ (പ്രായം, വേഷം...)
നടക്കുന്ന സംഭവങ്ങളുടെ ക്രമമായ രേഖപ്പെടുത്തൽ
ഇവ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

മീഡിയം/ലോങ്/ക്ലോസപ്പ് ഷോട്ടുകൾ പ്രത്യേകം കാണിക്കണമെന്നില്ല.
ആവശ്യമില്ലാതെ cut to എന്നെഴുതുന്ന ശീലവും ഒഴിവാക്കണം.

താഴെ തന്നിരിക്കുന്ന സന്ദർഭം തിരക്കഥയാക്കിമാറ്റുക.

'കാവൽ' എന്ന കഥയിലെ ജോഗി കാവലിരിക്കുമ്പോൾ ആനയെക്കണ്ട് പേടിക്കുന്ന സന്ദർഭം.

തിരക്കഥയെഴുതുമ്പോൾ എന്തെല്ലാം പ്രശ്നങ്ങളാണ് നേരിടുന്നത്?
അവ അധ്യാപകരുമായി ചർച്ചചെയ്യൂ.

15. ഓർമക്കുറിപ്പ്

പഴയകാല സംഭവങ്ങൾ ഓർമിച്ചെഴുതുകയാണിവിടെ. മിക്കവാറും ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ കഴിഞ്ഞകാല അനുഭവങ്ങളാണ് എഴുതാൻ ആവശ്യപ്പെടാറുള്ളത്. 4 സ്കോർ ലഭിക്കുന്ന ചോദ്യമാണിത്. ഉത്തരമെഴുതുമ്പോൾ ഉപയോഗിക്കുന്ന ഭാഷയുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ വേണം.

'വെണ്ണക്കല്ലിന്റെ കഥ' എന്ന കവിതയിലെ ഗായകൻ കൊട്ടാരത്തിലെത്തിയതിനുശേഷം, രാജകല്പന വന്ന ദിവസത്തെക്കുറിച്ചോർക്കാനിടയുള്ള കാര്യങ്ങൾ ഓർമക്കുറിപ്പിന്റെ രൂപത്തിൽ ആവിഷ്കരിക്കുക.

വിവിധ ചോദ്യമാതൃകകൾ പരിചയപ്പെടുകയും അവയുടെ ഉത്തരങ്ങൾ തയ്യാറാക്കുകയുംചെയ്തല്ലോ. ഉത്തരങ്ങൾ സ്വയം വിശകലനംചെയ്ത് നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുകയും അവ അധ്യാപകർ, കൂട്ടുകാർ എന്നിവരുമായി ചർച്ചനടത്തുകയും വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ടാവുമല്ലോ. കിട്ടിയ അനുഭവങ്ങളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന മാതൃകാചോദ്യപേപ്പറിന് ഉത്തരമെഴുതൂ. ഉത്തരങ്ങൾ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തൂ. പ്രയാസങ്ങൾ ചർച്ചചെയ്യൂ.

മാതൃകാ ചോദ്യപേപ്പർ
മലയാളം 1

പത്താംതരം
സ്കോർ: 40
സമയം: 11/2 മണിക്കൂർ

പൊതുനിർദേശങ്ങൾ

- ആകെ 9 ചോദ്യങ്ങൾ തന്നിരിക്കുന്നു
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആസ്വാദനക്കുറിപ്പ് (കഥ/കവിത) ഏതെങ്കിലും ഒന്നുമാത്രം എഴുതിയാൽമതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം

1. വരികൾ പൂർത്തിയാക്കുക (2)

നാളത്തൊട്ടെൻ മന്ത്രശാലയിലുന്മേഷ
നാളം കൊളുത്തണം ഗായകൻ നീ

അടിവരയിട്ട പദങ്ങൾക്കുപകരം താളം, അർഥം ഇവയ്ക്ക് മാറ്റംവരാതെ അനുയോജ്യമായ മറ്റൊരു പദം ചേർത്ത് വരികൾ പൂർത്തിയാക്കുക.

2. താരതമ്യക്കുറിപ്പ് തയ്യാറാക്കുക (6)

''ഒന്നിന്നുമില്ല നില ഉന്നതമായ കുന്നു
മെന്നല്ലാഴിയുമൊരിക്കൽ നശിക്കുമോർത്താൽ''
അവനിവാഴ്‌വു കിനാവു കഷ്ടം!''
കുമാരനാശാന്റെ ഈ വരികൾ 'ഗജേന്ദ്രമോക്ഷം' എന്ന കവിതയിലെ ആനയുടെ അനുഭവവുമായി താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

3. ലഘുകുറിപ്പ് തയ്യാറാക്കുക (2)

* വിമാനം പറക്കുന്നു
* പറക്കുന്ന വിമാനം

മുകളിൽ തന്നിരിക്കുന്ന വാക്യങ്ങളിലെ ക്രിയാപദങ്ങളുടെ പ്രത്യേകതകൾ വിശകലനംചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക

4. സംവാദക്കുറിപ്പ് നിർമിക്കുക (8)

''കേരളം പുരോഗതിയിലേക്കു കുതിക്കുകയാണ്. 21-ാം നൂറ്റാണ്ട് മലയാളിയുടേതാണ്. ലോകത്തിലെ ഉന്നതസ്ഥാനങ്ങൾ മലയാളികൾ കൈയടക്കുകതന്നെചെയ്യും''.

''കേരളം പുരോഗമിക്കുകയാണ് എന്ന വാദത്തോട് ഞാൻ യോജിക്കുന്നില്ല. മാനസികമായി മലയാളി അധോഗതിയിലേക്കാണു നീങ്ങുന്നത്. ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ തുടങ്ങി ഇ എം എസ്, എം ആർ ബി, വി ടി ഭട്ടതിരിപ്പാട് വരെയുള്ള നിരവധി സാമൂഹ്യപരിഷ്കർത്താക്കൾ നേടിത്തന്നതൊക്കെ നമ്മൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.''

മുകളിൽ നൽകിയിട്ടുള്ള അഭിപ്രായങ്ങളിൽ ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത്? ആ അഭിപ്രായം സമർഥിക്കുന്നതിനാവശ്യമായ വസ്തുതകൾ ഉൾപ്പെടുത്തി ഒരു സംവാദക്കുറിപ്പ് തയ്യാറാക്കുക. (സൂചകളായി കുറിച്ചാലുംമതി).

5. പട്ടിക ക്രമീകരിച്ച് പൂർത്തിയാക്കുക (4)

എഴുത്തച്ഛൻ	ജനകീയകവി	നളിനി
കുമാരനാശാൻ	ഭാഷാപിതാവ്	സൂര്യകാന്തി
കുഞ്ചൻ നമ്പ്യാർ	സിംബോളിക് കവി	അധ്യാത്മ രാമായണം (കിളിപ്പാട്ട്)
ജി ശങ്കരക്കുറുപ്പ്		

6. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക (6)

''വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെൺമ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം''
''പദാർഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരസ്നേഹം''

ഉള്ളൂരിന്റെ ഈ വരികളിലെ ആശയംതന്നെയാണ് 'വിതയ്ക്കാം മാനവികതയുടെ വിത്തുകൾ' എന്ന ലേഖനത്തിൽ നിത്യചൈതന്യയതി അവതരിപ്പിക്കുന്നത്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്? മുകളിൽ തന്നിരിക്കുന്ന പദ്യശകലങ്ങളും നിത്യചൈതന്യയതിയുടെ ലേഖനവും വിശകലനംചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

7. വിശകലനക്കുറിപ്പ് തയ്യാറാക്കുക

''ഒരു ലേഖനത്തിൽ ആരെപ്പറ്റി പറയുന്നുവോ ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്താൻ യത്നിക്കരുത്. ആ ആൾ ദുഷ്ടത പ്രവർത്തിച്ചിരുന്നാൽ അതു പറയാം. വിരോധമില്ല. അയാൾ ദുഷ്ടത പ്രവർത്തിച്ചിട്ടില്ലെന്നിരുന്നാൽ അയാളുടെമേൽ വൃഥാ ദോഷാരോപം ചെയ്യരുത്.''

''പത്രക്കാരൻ പണാദായത്തെ കൊതിച്ച്, ജനഹിതത്തിനു വിപരീതമായി ജനദ്രോഹികളായവരോടു ചേർന്ന് കൈക്കൂലി മേടിച്ച് ജനവഞ്ചന ചെയ്യുമ്പോൾ പത്രധർമത്തിനും ജനങ്ങൾക്കും ലോകക്ഷേമത്തിനും ദ്രോഹംചെയ്യുന്നവരായിത്തീരുന്നു.''

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഈ അഭിപ്രായങ്ങൾ ഇന്ന് പ്രസക്തമാണോ? വിവിധ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ, സ്വദേശാഭിമാനിയുടെ അഭിപ്രായങ്ങൾ ഇവ വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

8. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക (ഏതെങ്കിലും ഒന്ന്) (8)

നുണ...
ഒ എൻ വി കുറുപ്പ്

''... പൂവരശിലകൊണ്ട് 'പീപ്പീപ്പീ' പാടുന്ന
പൂങ്കുഴൽ, കുറുകുഴൽ തീർത്തു ഞങ്ങൾ
അച്ചിങ്ങയും കൊച്ചു പച്ചീർക്കിലുംകൊണ്ടേ
ഓച്ചിറക്കാളയെ കെട്ടി ഞങ്ങൾ
ചെമ്പൊൻ നിറമുള്ളൊരു പ്ലാവിലക്കിണ്ണത്തിൽ
തുമ്പപ്പൂച്ചോറും കറിയും വച്ചു;
തുമ്പിയെ കല്ലെടുപ്പിച്ചു; കദളിതൻ
പൊൻകൂമ്പിൽനിന്നിവർ തേൻ കുടിച്ചു!
മുറ്റം, മഴപെയ്തൊരു മുക്കം പുഴയാകവേ,
'തിത്തൈ'യെന്നിവർ വഞ്ചിപ്പാട്ടുമൂളി:
കൂനനുറുമ്പിനെക്കേറ്റിയ പച്ചില-
ത്തോണി പുഴയിലിറക്കീ ഞങ്ങൾ!
മാവിന്റെ കൊമ്പത്തൊരൂഞ്ഞാലിട്ടതിലാടി;
മാവേലിപ്പാട്ടിനേയുമൂഞ്ഞാലാട്ടി.
പൂവായ് വിരിഞ്ഞൊരു മണ്ണിന്റെ ചന്തങ്ങൾ
'പൂവേ പൊലി' പാടിയിറുത്തു ഞങ്ങൾ...''
തങ്ങൾതൻ പൊയ്പ്പോയ ബാല്യത്തിന്നോർമകൾ
അങ്ങനെ മുത്തച്ഛൻ പങ്കുവയ്ക്കേ,
ചെല്ലക്കുടുക്കകൾ, പേരക്കിടാങ്ങൾ,
'ഇതെല്ലാം വെറും നുണ'യെന്നു ചൊല്ലി!...

കവിതയുടെ ആശയം, ആനുകാലികത, പ്രയോഗങ്ങൾ, മറ്റ് ആസ്വാദനാംശങ്ങൾ ഇവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക (ഒന്നരപ്പുറം)

അല്ലെങ്കിൽ

മെഴുകുതിരി പറഞ്ഞത്
സൂര്യാ ഗോപി

ചിത്രം കൊത്തിയ കരിങ്കൽവിഗ്രഹം മെഴുകുതിരിയെ പരിഹസിച്ചുകൊണ്ടിരിക്കുന്നു.
'കത്തിത്തീരാൻമാത്രം നിന്റെ വിധി. കഷ്ടം! നീ ഉരുകിത്താഴുമ്പോൾ എനിക്കു ചിരിവരുന്നു. എന്നെ നോക്കൂ, തീ പടരാത്ത ബലവാൻ''
കാറ്റിലുലയാതെ കത്താൻ പണിപ്പെട്ട് മെഴുകുതിരി സൗമ്യമായി പറഞ്ഞു.
''ഞാൻ ഉരുകിത്തീർന്ന വെളിച്ചത്തിലാണ് നീ കാണപ്പെടുന്നതെന്നു മറക്കരുത്. എനിക്കു ദുഃഖമില്ല. മരിക്കുവോളം വെളിച്ചം പരത്തുക തന്നെയാണ് ഒരു മെഴുകുതിരിയുടെ നിയോഗം. അതിനാൽ നിന്റെ പരിഹാസച്ചിരിക്ക് ഒരർഥവുമില്ല.''
ആശയം, ആനുകാലികത, പ്രയോഗങ്ങൾ, മറ്റ് ആസ്വാദനാംശങ്ങൾ മുതലായവ പരിഗണിച്ച് ഈ കഥയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

9. പ്രഭാഷണം തയ്യാറാക്കുക (4)

''പുതിയത് ഇറുത്തു ചൂടലും പഴയതു വലിച്ചെറിയലുമാണല്ലോ ജീവിതം''- എം ആർ ബി
കാര്യമായ ആലോചനയില്ലാതെ പുതിയത് ഇറുത്തു ചൂടുന്നത് ഗുണകരമാണോ? പഴയതു വലിച്ചെറിയുമ്പോഴും നാം ആലോചിക്കേണ്ടതില്ലേ?
ചോദ്യങ്ങളുടെയും എം ആർ ബിയുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 'അന്ധമായ അനുകരണഭ്രമം ഗുണമോ ദോഷമോ'' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക.

(അടുത്തലക്കം മലയാളം പേപ്പർ 2)